51 (3376) ട്രാൻസ്പോർട്ട് കോർപ്പറേഷന് സ്വന്തമായി ഒരു പ്രിന്റിംഗ് പ്രസ്സ്

ശ്രീമതി ആർ. ലതാദേവി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
പ്രൊഫ. മീനാക്ഷിതമ്പാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷന് സ്വന്തമായി പ്രിന്റിംഗ് പ്രസ്സ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് തീരുമാനിച്ചത്;

(സി) വർഷങ്ങൾ കഴിഞ്ഞിട്ടും ഈ തീരുമാനം നടപ്പാക്കാത്തതിനെക്കുറിച്ച് ഗവൺമെന്റ് അന്വേഷിച്ചിട്ടുണ്ടോ?

(ഡി) ഉണ്ടെങ്കിൽ പ്രസ്സ് സ്ഥാപിക്കുവാനുള്ള എന്തെങ്കിലും നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 5-7-1997-ൽ നടന്ന ഡയറക്ടർ ബോർഡ് യോഗമാണ് ഇതു സംബന്ധമായ തീരുമാനമെടുത്തത്.

(സി) പ്രാരംഭ നടപടികൾ ആയിട്ടുണ്ട്.

(ഡി) പ്രസ് സ്ഥാപിക്കുന്നതിന് അഖിലേന്ത്യാടിസ്ഥാനത്തിൽ ദർഘാസുകൾ വിളിച്ച് വിവിധ കമ്പനികളുടെ ഓഫറുകൾ ശേഖരിച്ചിട്ടുണ്ട്. മേൽനടപടികൾ സ്വീകരിച്ചുവരുന്നു.

52 (3377) വാഹനങ്ങളുടെ കാലപ്പഴക്കം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സർവ്വീസ് നടത്തുന്നതിൽ 7 വർഷം കാലാവധി കഴിഞ്ഞ ബസ്സ് എത്രയെന്ന് അറിയിക്കുമോ ; 15 വർഷം കഴിഞ്ഞ എത്ര ബസ്സുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഇപ്പോൾ കൈവശമുള്ള 3940 ബസ്സുകളിൽ 1228 ബസ്സുകൾ 7 വർഷം കഴിഞ്ഞവയാണ്. 15 വർഷം പഴക്കമുള്ള 5 ബസ്സുകളും ഉപയോഗത്തിലുണ്ട്.

53 (3378) ഓട്ടോറിക്ഷകൾക്ക് ക്യൂ സംവിധാനം

ശ്രീ. വി.കെ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിലും പേട്ട റെയിൽവേ സ്റ്റേഷനിലും ഓട്ടോറിക്ഷകളുടെ സർവ്വീസ് റെയിൽവേസ്റ്റേഷനുകളിൽ വന്നിറങ്ങുന്ന യാത്രക്കാർക്ക് സൗകര്യമായി ഉപയോഗിക്കാൻ കഴിയും വിധം ഓട്ടോറിക്ഷകൾക്ക് ക്യൂ സംവിധാനം ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ സംസ്ഥാനത്തെ തൃശ്ശൂർ, കോഴിക്കോട് തുടങ്ങിയ നഗരങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള രീതിയിലുള്ള ഓട്ടോറിക്ഷ ക്യൂ സംവിധാനം പേട്ടയിലും, തമ്പാനൂരിലും ഏർപ്പെടുത്തുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ വന്നിറങ്ങുന്ന യാത്രക്കാർക്ക് സൗകര്യമായി ഉപയോഗിക്കുന്നതിന് ക്യൂ സംവിധാനം, പ്രീപെയ്ഡ് കൗണ്ടർ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പേട്ട റെയിൽവേ സ്റ്റേഷനിൽ ഈ സമ്പ്രദായം നിലവിലില്ല.

(ബി) തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം പേട്ടയിലും ഏർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിച്ചുവരുന്നു.

54 (3379) കർണാടകം, തമിഴ്നാട് എന്നിവയുമായി അന്തർ സംസ്ഥാന ബസ്സ് സർവ്വീസ്

ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർണ്ണാടകം, തമിഴ്നാട് എന്നിവയുമായി അന്തർ സംസ്ഥാന ബസ് സർവ്വീസ് നടത്തുന്നതിനുള്ള കരാർ പുതുക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പുതുക്കിയ കരാർ നിലവിൽ വന്നത് എന്നാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഇതിൻപ്രകാരം കേരളത്തിൽനിന്നും തമിഴ്നാട്ടിലേക്കും തിരിച്ചും ഇരു സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകളുടെയും സർവ്വീസുകൾ എപ്രകാരമാണ് എന്ന് വിശദമാക്കുമോ; ഏതെല്ലാമാണ് സർവ്വീസുകൾ എന്ന് വെളിപ്പെടുത്തുമോ;

(ഡി) കർണ്ണാടകത്തിലേയ്ക്കും തിരിച്ചും എത്ര ബസ്സുകൾ സർവ്വീസ് നടത്തുവാനാണ് പുതിയ കരാർ പ്രകാരം ഉദ്ദേശിക്കുന്നത്. ഇരു സംസ്ഥാനത്തെയും ട്രാൻസ്പോർട്ട് കോർപ്പറേഷൻ വക ബസ്സുകൾ പരസ്പരം നടത്തുന്ന സർവ്വീസുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) തമിഴ്നാടുമായി 12-11-97-ലും കർണ്ണാടകവുമായി 10-8-98-ലും അന്തർ സംസ്ഥാന കരാർ പുതുക്കിയിട്ടുണ്ട്.

(സി) തമിഴ്നാടുമായുള്ള കരാർ പ്രകാരം കേരളം 32 സർവ്വീസുകളും തമിഴ്നാട് 13 സർവ്വീസുകളും നടത്തുന്നു. സർവ്വീസുകൾ സംബന്ധിച്ച വിവരം അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly